## കേരള സർക്കാർ

### സംഗ്രഹം

വ്യവസായ വകുപ്പ് - കയർ വികസനം - കയർഭ്രവസ്ത്രത്തിന്റെ ഉപയോഗ വ്യാപനവും വിപണനവും - സംസ്ഥാനതല ഭ്രവസ്ത്ര സമിതി രൂപീകരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (ഇ) വകുപ്പ്

സ.ഉ. (സാധാ) നം.1019/2017/വ്യവ തീയതി, തിരുവനന്തപുരം, 15/07/2017

---

പരാമർശം:-കയർ വികസന ഡയറക്ടറുടെ 26.03.2017 ലെ സി.പി.3/2127/17 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഹരിത കേരളം പദ്ധതിയുടെ ഭാഗമായിട്ടുള്ള മണ്ണ്-ജല സംരക്ഷണം, റോഡ് നിർമ്മാണം മുതലായ പ്രവർത്തനങ്ങൾക്ക് കയർ ഭ്രവസ്ത്രം ഉപയോഗിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നേട്ടം പൂർണ്ണമായും തൊഴിലാളികൾക്ക് ലഭിക്കുന്നതിനായിട്ടുള്ള നിർദ്ദേശങ്ങൾ കയർ വികസന ഡയറക്ടർ പരാമർശ കത്ത് പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

2. പ്രസ്തുത ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കയർ ഭ്രവസ്ത്രത്തിന്റെ വിപണനത്തിനും വിതരണത്തിനുമായി താഴെപ്പറയുന്ന വ്യവസ്ഥകൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) വിലനിർണ്ണയ സമിതി വില തീരുമാനിക്കുന്നതുവരെ കയർ ഭ്രവസ്ത്രത്തിന്റ വില ചതുരശ്ര മീറ്ററിന് 65 രൂപ ആയിരിക്കും.

ii) കയർ ഭ്രവസ്ത്രത്തിന്റെ വിതരണം താഴെപ്പറയും വിധം പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തുന്നതാണ്.

1) കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകൾ - കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ

2) കോട്ടയം, മലപ്പുറം , വയനാട് ജില്ലകൾ - ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്

3) തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ - കയർഫെഡ്

3. ഗതാഗതചെലവ് അതാത് പൊതുമേഖലാ സ്ഥാപനം വഹിക്കുന്നതാണ്.

കൂടാതെ മേൽ പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി ഒരു സംസ്ഥാനതല കയർ ഭ്രവസ്ത്ര വില നിർണ്ണയ സമിതി ചുവടെ ചേർത്തിട്ടുള്ള പ്രകാരം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കയർ വികസന ഡയറക്ടർ – കൺവീനർ
2. കയർ ബോർഡ് പ്രതിനിധി – അംഗം
3. ഡയറക്ടർ, എൻ.സി.ആർ.എം.ഐ – അംഗം
4. ധനകാര്യ വകുപ്പിന്റെ പ്രതിനിധി – അംഗം
5. അണ്ടർ സെക്രട്ടറി , വ്യവസായ (ഇ) വകുപ്പ്) - അംഗം

6. എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രതിനിധി – അംഗം
7. കയർ കോർപ്പറേഷൻ പ്രതിനിധി - അംഗം

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
മത്തായി.എൻ.വി
അണ്ടർ സെക്രട്ടറി

ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾക്ക്
കയർ വികസന ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ